# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2375 — 14.06.2019- ൽ മറുപടിക്ക്

### പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ചെറുകിട വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം മേഖല യിലാണ് അവ ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 309 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, ജനറൽ എഞ്ചിനീയറിംഗ്, ഫർണീച്ചർ നിർമ്മാണം എന്നീ മേഖലകളിലാണ് കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകി യിട്ടുണ്ട്; വിശദമാക്കാമോ? | ബി) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി "സംരംഭകത്വ സഹായ പദ്ധതി" പ്രകാരം 12 ചെറുകിട വ്യവസായ സംരംഭങ്ങൾക്കും, പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം 25 സംരംഭങ്ങൾക്കും വ്യവസായ വകുപ്പ് സബ്സിഡി ധനസഹായം നൽകിയിട്ടുണ്ട്. പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ 2 ബ്ലോക്ക് തല നിക്ഷേപ സംഗമവും നടത്തി. ഏകജാലക സംവിധാനത്തിലൂടെ വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ അതിവേഗം ലഭിക്കുന്നുമാണ്. |

സെക്ഷൻ ഓഫീസർ